प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
ആശയവിനിമയ വകുപ്പ്, കേന്ദ്ര ഓഫീസ്, ഷാഹിദ് ഭഗത് സിംഗ് മാർഗ്, ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : 022 - 2266 0502

ഒക്ടോബർ 30, 2023

# പശ്ചിമബംഗാൾ, ബീർഭൂമിലെ ബീർഭും ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിനു മേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പണപ്പിഴ ചുമത്തി

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2016 ലെ "നിങ്ങളുടെ ഉപഭോക്താവിനെ അറിയുക"(കെവൈസി), ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുടെ അംഗത്വം (സി.ഐ.സി), എന്നീ വിഷയങ്ങളിൽ ആർ.ബി.ഐ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിന് 2023 സെപ്റ്റംബർ 19-ലെ ഉത്തരവിലൂടെ പശ്ചിമ ബംഗാളിലെ, ബീർഭൂമിലെ ബീർഭും ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിനു (ബാങ്ക്) മേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 47 എ (1) (സി), 46 (4) (i) എന്നിവയ്ക്കൊപ്പം സെക്ഷൻ 56, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് (റെഗുലേഷൻ) ആക്ട് 2005, 25(1) (iii), 23 (4) വകുപ്പുകൾ പ്രകാരം ആർ.ബി.ഐ. യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

ഈ നടപടി ആർ ബി ഐ നിയന്ത്രണങ്ങൾ പാലിക്കുന്നതിലെ വീഴ്ച കണക്കിലെടുത്തു മാത്രമാണ്, അല്ലാതെ ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഇടപാടുകളുടെയോ ഉടമ്പടികളുടെയോ സാധുതയെക്കുറിച്ചുള്ളതല്ല.

## പശ്ചാത്തലം

2022 മാർച്ച് 31 വരെയുള്ള ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്) നടത്തിയ നിയമപരമായ പരിശോധനയിലും, ഇൻസ്പെക്ഷൻ റിപ്പോർട്ട്, റിസ്ക് അസസ്മെന്റ് റിപ്പോർട്ട്, അതുമായി ബന്ധപ്പെട്ട എഴുത്തുകുത്തുകൾ എന്നിവയുടെ പരിശോധനയിലും ബാങ്ക്, (i) അക്കൗണ്ടുകളുടെ അപകടസാധ്യത വിലയിരുത്താൻ ക്രമമായ ഇടവേളകളിൽ അവലോകനം നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയില്ല, (i) ചില അക്കൗണ്ടുകളുടെ അപകടസാധ്യത വർഗ്ഗീകരണം നടത്തിയില്ല, (iii) നാല് സി.ഐ.സി.കളുള്ളതിൽ മൂന്നെണ്ണത്തിൽ അംഗത്വമെടുത്തില്ല എന്നീ കാര്യങ്ങൾ വെളിപ്പെട്ടു. അതിനനുസരിച്ച്, നിർദ്ദേശങ്ങൾ അതിൽ പറഞ്ഞിരിക്കുന്നതുപോലെ പാലിക്കുന്നതിൽ

പരാജയപ്പെട്ടതിന് പിഴ ചുമത്താതിരിക്കുവാനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് ബാങ്കിന് ഒരു നോട്ടീസ് നൽകുകയുണ്ടായി.

നോട്ടീസിനുള്ള ബാങ്കിന്റെ മറുപടിയും വ്യക്തിപരമായ ഹിയറിംഗിനിടെ നൽകിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിന് ശേഷം, മുൻപറഞ്ഞ ആർ.ബി.ഐ നിർദ്ദേശങ്ങൾ പാലിക്കാത്തതായുള്ള ചാർജ് നിലനിൽക്കുന്നതാണെന്നും പണപ്പിഴ ചുമത്തേണ്ടതുണ്ടെന്നും ആർ.ബിഐ നിഗമനത്തിലെത്തി.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ്: 2023-2024/1201**